
L.B.S.M.H.S.S 2019-21
വർണ്ണമയൂഖം
little KITEs
KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
16GB

# പ്രാർത്ഥന

ഉണരുകയുണരുക ജനതേ
ഉയിരിൻ തുടിപ്പായുണരൂ
മിഴികളിൽ നന്മകൾ നിറക്കൂ
മനസ്സിൽ സത്യമൊഴുക്കൂ
ദൈവകാരുണ്യം നേടുവാൻ
നമുക്കൊന്നായ് ചേർന്നിടാം......

# സന്ദേശം

2018-20-ൽ നമ്മുടെ വിദ്യാലയത്തിൽ സ്ഥാപിതമായ ലിറ്റിൽകൈറ്റ്സ് യൂണിറ്റിൽ നിസ്വാർത്ഥ സേവനത്തിന്റെ ഫലമായി വികസിപ്പിച്ചെടുത്ത ഡിജിറ്റൽ മാഗസിൻ നമുക്ക് ഏറെ അഭിമാനാർഹമാണ്. വിദ്യാലയത്തിന്റെ അഭ്യുദയകാംക്ഷികളായ നിരവധി അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും സമയവും കഴിവും നിസ്വാർത്ഥതയും കൂട്ടായ്മയും ഒത്തു ചേർന്നപ്പോൾ "ഡിജിറ്റൽ മാഗസിൻ" സേവന ചരിത്രത്തിലെ നാഴികക്കല്ലായി മാറി.ഈ ലക്ഷ്യം വിജയപ്രദമാക്കുവാൻ സഹകരിച്ച എല്ലാ സുമനസ്സുകൾക്കും ആത്മാർത്ഥമായി നന്ദി രേഖപ്പെടുത്തുന്നു.

ഇതിനോട് നീതിപുലർത്താനും സർഗ്ഗാത്മകമായ അനേഷണങ്ങൾക്ക് വഴി ഒരുക്കാനും ഈ ഉദ്യമത്തിന് കഴിയട്ടെയെന്ന് സ്നേഹപൂർവ്വം ആശംസിക്കുന്നു.



മെജോപോൾ

ഹെഡ് മാസ്റ്റർ

# ആശംസ

2018 മുതൽ little kites ആഭിമുഖ്യത്തിൽ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിവരുന്ന ഈ വർഷത്തിലെ പതിപ്പും കാര്യക്ഷമമായി തന്നെ പൂർത്തീകരിച്ചിരിക്കുന്നു. കുട്ടികളുടെ സർഗവാസനയെ പുറത്തുകൊണ്ടുവരുക എന്നതാണ് ഈ മാഗസിനിൻെറ ലക്ഷ്യം. അതിലുപരി കുട്ടികളുടെ മലയാളം ടൈപ്പിങ് പരിപോഷിപ്പിക്കാനും ഈ സംരംഭം സഹായകമാണ്. കുട്ടികളുടെ അശ്രാന്ത പരിശ്രമത്തിന്റെ ഫലമായാണ് ഈ മാഗസിൻ രൂപപ്പെട്ടത്. കുട്ടികളുടെ സർഗവാസനയെ പരിപോഷിപ്പിക്കാൻ രൂപം കൊണ്ട ഈ മാഗസിന് എല്ലാവിധ വിജയാശംസകളും ഭാവുകങ്ങളും നേരുന്നു.



C.J ജോസ്
S I T C

# ആശംസ

2019-21 അദ്ധ്യയനവർഷത്തിലെ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ പ്രകാശനം നടത്താൻ തീരുമാനിച്ചു. സ്കൂളിലെ വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും  സർഗാത്മക സൃഷ്ടികൾ കൊണ്ട് സമ്പുഷ്ടമായ മാഗസിന്റെ പ്രവർത്തനങ്ങളിൽ പങ്കാളികളായ ലിറ്റിൽ കൈറ്റ്സിലെ എല്ലാ അംഗങ്ങൾക്കും ഭാവുകങ്ങൾ നേരുന്നു.

ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സുമാർ

# എഡിറ്റോറിയൽ

## സാങ്കേതിക വിദ്യയുടെ കവാടം തുറക്കുന്നു

ഇത് സാങ്കേതിക വിദ്യയുടെ യുഗമാണ്.സമൂഹത്തിലെ എല്ലാരംഗങ്ങളിലും സാങ്കേതിക വിദ്യ സ്ഥാനം പിടിച്ചു കഴിഞ്ഞു. വിദ്യാഭ്യാസ രംഗത്ത് സാങ്കേതിക വിദ്യ വഴി നിരവധി പുരോഗമനം ഉണ്ടായിട്ടുണ്ട്. വിദ്യാലയങ്ങൾ എല്ലാം ഹൈ-ടെക് ആയി കഴിഞ്ഞു. അതിന്റെ ഫലമായിട്ടാണ് സ്കൂൾതലത്തിൽ "ലിറ്റിൽ കൈറ്റ്സ്" ആരംഭിച്ചതും.അത് വിജയകരമായി നടത്തി വരുന്നതും അതിന് തുടർച്ചയായി ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു.ഈ സ്കൂളിലെ അധ്യാപികമാരായ സ്വീറ്റി ടീച്ചറുടെയും,മെർലിൻ ടീച്ചറുടെയും ആഭിമുഖ്യത്തിലാണ് കുട്ടികൾ ഈ ഡിജിറ്റൽമാഗസിൻ തയ്യാറാക്കിയത്. കുട്ടികളുടെയും ടീച്ചർമാരുടെയും കഠിനമായ പരിശ്രമം കൊണ്ട് മാത്രമാണ് ഈ മാസിക പ്രസിദ്ധീകരിക്കാൻ കാരണമായത്. ലിറ്റിൽ കൈറ്റ്സ് എന്ന പുതിയ വിവരസാങ്കേതിക വിദ്യ, കുട്ടികളിൽ കൂടുതൽ അറിവ് നിറക്കാൻ സാധിച്ചു.

വിവരസാങ്കേതിക വിദ്യയിൽ മികവ് പുലർത്തിയ കുട്ടികളാണ് ഡിജിറ്റൽ മാസികയുടെ അണിയറ പ്രവർത്തകർ.മറ്റെല്ലാ അദ്ധ്യപകരും ഇതിനു വേണ്ടി പ്രവർത്തിക്കുന്നു. എപ്പോഴും ഉപയോഗപ്രദമായ നിരവധി കംമ്പ്യൂട്ടറുകളും കുട്ടികൾക്ക് വേണ്ടി ഒരുക്കിയിട്ടുണ്ട്. ഈ ഡിജിറ്റൽ മാസികയിൽ തങ്ങളുടെ പ്രവർത്തനങ്ങൾ സമർപ്പിച്ച കുട്ടികളും ഇതിൽ പ്രധാന പങ്കുവഹിക്കുന്നു.

## എഡിറ്റോറിയൽ ബോർഡ്

**ഐശ്വര്യ പി.ജെ**
**റോസ് ഷോജൻ**
**ആർദ്ര ടി**
**വർഷ ടി. യു**
**അഞ്ചിമ .കെ .എം**
**ശ്രേയ ടി എസ്**
**ദുർഗപ്രിയ കെ എസ്**
**ഇൻവിൻ ബെന്നി**
**ബെറിൻ ബെന്നി**
**ഇമ്മാനുവൽ തോമസ്**
**സച്ചിൻ എം ജെ**
**ഹരികേശ് എൻ.ജെ**
**ആകർഷ് എം സി**

പ്രിയ കൂട്ടുകാരെ

നമ്മുടെ ഭാവനയിൽ ഉദിക്കുന്ന ആശയങ്ങളാണല്ലോ കഥയായും കവിതയായും ചിത്രങ്ങളായും പുറത്തു വരുന്നത് ഞങ്ങളുടെ മനസ്സിലെ താളുകളിൽ എന്നോ കുറിച്ചിട്ട അനുഭവങ്ങളാണ് ഈ മാസികയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഞങ്ങളുടെ മനസ്സിലേക്ക് കടന്നു വന്ന കഥകളും കവിതകളും അടങ്ങിയ ഈ മാസിക ഞങ്ങൾ നിങ്ങളുടെ മുന്നിൽ സമർപ്പിക്കുകയാണ്

## ഉള്ളടക്കം

സ്വപ്നങ്ങൾ....8
ഓണത്തിന്റെ ഐതീഹ്യം....9
വിഷുകന്യക....10
മനുഷ്യനും പ്രകൃതിയും....12
മനുഷ്യനാകണം!....20
യാത്രാവിവരണം....24
ഭൂതങ്ങൾ....32
തേൻ തോട്ടം....33
മഴക്കെന്താപറ്റ്യേ! ( കഥ )....34
മഴ....36
പൈക്കിടാവ്....39
വായനാക്കുറിപ്പ് -- 'ആത്മരാഗം'....40
ചെങ്കദളി....41
സ്കൂൾ മികവുകളിലേക്ക്....43

കവിത

# സ്വപ്നങ്ങൾ

യൗവനത്തിന്റെ പ്രസരിപ്പും
കൗമാരത്തിന്റെ ആഹ്ലാദവും
തെല്ലുണർത്താനും
മങ്ങിയ ചിറകുകൾക്ക് വർണ്ണപ്പകിട്ടേകാനും
പറക്കാനും ഉയരാനും
അപ്പൂപ്പൻ താടിയെപ്പോലെ
തെന്നലിലൂയലാടാനും
അനുഗ്രഹമായെന്റെ സ്വപ്നങ്ങളേ...
നിങ്ങൾക്കു നേരുന്നു ഒരായിരം സ്വാഗത രാഗങ്ങൾ

അഞ്ജന .പി . 10A

കുറിപ്പ്

# ഓണത്തിന്റെ ഐതീഹ്യം

പണ്ട് കേരളം വാണിരുന്ന അസുര രാജാവായിരുന്നു മഹാബലി. അദ്ദേഹം വളരെ ധർമ്മിഷ്ഠനും നീതിമാനും പ്രജാസ്നേഹിയും ആയിരുന്ന അദ്ദേഹത്തിന്റെ ഭരണകാലത്ത് എല്ലാവരും വളരെ സന്തോഷത്തോടെ ഒന്നുപോലെ കഴിഞ്ഞിരുന്നു. ഇതിൽ ദേവന്മാർക്ക് അസൂയതോന്നി. മഹാവിഷ്ണു വാമനന്റെ രൂപത്തിൽ വന്ന് മഹാബലിയോട് മൂന്നടി മണ്ണ് ചോദിച്ചു.

ഇതിലെ ചതി മനസ്സിലാവാതിരുന്ന മഹാബലി സന്തോഷപൂർവ്വം സമ്മതിച്ചു.ആദ്യത്തെ രണ്ടടികൊണ്ട് സ്വർഗവും ഭൂമിയും അളന്നു.

മൂന്നാമത്തെ അടി വയ്ക്കാൻ സ്ഥലമില്ലാതിരുന്നപ്പോൾ സ്വന്തം തലയിൽ പാദം വയ്ക്കാൻ അനുവാദം കൊടുത്തു. എന്നാൽ അതിനു മുൻപ് തനിക്ക് വർഷത്തിലൊരിക്കൽ തന്റെ പ്രജകളെ കാണാൻ അനുവാദം നൽകണമെന്ന് ആവശ്യപ്പെട്ടു. മഹാവിഷ്ണു അനുവാദം കൊടുത്തു.ചിങ്ങമാസത്തിലെ തിരുവോണ നാളിൽ അദ്ദേഹം തന്റെ പ്രജകളെ കാണാൻ വരുന്നു. എന്നതാണ് ഓണത്തിനു പിന്നിലുള്ള ഐതീഹ്യം.

മിന്നു . കെ.എ 7.A

കവിത

# വിഷുകന്യക

വറുതിയിൽ കുളിർമയേകി
വിഷുവിനെ വരവേൽക്കാൻ
ഉണർന്നിരിക്കും മലരേ
ഊഞ്ഞാലാട്ടൻ ഇളം തെന്നൽ
നിറമേകാൻ പീതവർണ്ണം
നിന്നിൽ കനിഞ്ഞു ധാത്രി

പൂത്തുലഞ്ഞു മനസ്സുനിറച്ചേ
പുലരിയിലുണരും കന്യകേ
കാർക്കുന്തലഴിച്ചിട്ടു ദർശകരെ
മദോന്മാദമാക്കുന്ന പെണ്ണേ
നിൻ ലോഭിയാം ഇതളുകൾ
കണ്ണുകൾ ചിമ്മുന്നതായേ
വിഷുവിൻ സ്വയംവര കന്യകേ
വിചിത്രമാം നിൻ ജീവിതം
വരൾച്ചയിലും തളരാതെ
വീണ്ടെടുത്ത് പുഷപിക്കുന്നോളേ
വിഷുപക്ഷിതൻ  ഉണർത്തു

പാട്ടാൽ ഉണരും മുകുളങ്ങളേ
പച്ചപ്പിൻ കണിക പോലും
പരതാനില്ലാതെ പൂത്തവളേ

നിർമ്മല മേനിയൊന്നു പുണരാൻ
നിൻ ദാസിയാമെനിക്കു മോഹം
ആരെയും കൂസാതെ കാലത്തിൽ
ആഗമിക്കുന്നതിൽ സൗന്ദര്യം
മറ്റുള്ളവർക്കായ് കാലം തീർത്ത്
മന്ദസ്മിതമേകും വിവേകിതേ
നിൻ വീഥി മാതൃകയാക്കട്ടെ
നിർവൃതിയാകട്ടെ വിശ്വജനം
മേടവിഷുവിൻ സമൃദ്ധിയേകി
മെയ് മേൽ കനകം പൂശിയവളേ
സൂര്യാംശുവേറ്റു തിളങ്ങുന്ന
സുന്ദരമലരേ നിനക്കു നന്ദി

ലത പി മേനോൻ

അധ്യാപിക

ഉപന്യാസം

# മനുഷ്യനും പ്രകൃതിയും

**ഇനിയും നഷ്ടപ്പെടുത്തരുതേ...................................**

ദിനം പ്രതി വളർന്നു കൊണ്ടിരിക്കുന്ന ഒരു വിഭാഗമാണ് മനുഷ്യസമൂഹം.സാങ്കേതിക വിദ്യയുടെയും ശാസ്ത്രത്തിന്റെയും ചിറകിലേറിയ വിദൂരത്തേക്ക് പറന്നു കൊണ്ടിരിക്കുന്ന നമുക്ക് നമ്മുടെ പേരുകളേ പറ്റിയും ഉത്പത്തിയെപ്പറ്റിയും മതിയായ ശ്രദ്ധവേണം എവിടെയും എങ്ങനെയും വളർന്നാലും നമ്മുടെ മാതാവിനെ നാം മറക്കുകയില്ല... അതുപോലെയാണ് ഏവരുടെയും മാതാവായ പ്രകൃതി. പ്രകൃതിമാതാവിനെയും മറ്റു ജന്തുക്കളെപ്പോലെ തന്നെ നാം മറക്കരുത് .

1400000 വർഷങ്ങളോളം പഴക്കമുണ്ട് പ്രപഞ്ചത്തിന് എന്നാണ് നിലവിലുള്ള വിശ്വാസം എങ്കിലും അതിലേറെ പഴക്കമുണ്ട് എന്ന് പറയുന്നതിൽ ആരും വിയോജിക്കില്ല. ഒരു കുഞ്ഞ്ജനിച്ച് വീഴുമ്പോൾ.ആദ്യം പറയുന്ന പേര് അമ്മ അവനു വേണ്ടതെല്ലാം അവന്റെ അമ്മ നൽകുന്നു, അതുപോലെ തന്നെയാണ് ഒരു ചെടി മുളക്കുമ്പോൾ അതിനുവേണ്ടതെല്ലാം തന്നെ പ്രകൃതിജനനി അതിനുനൽകുന്നു. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള നിരുപാധിക ബന്ധം അവർണ്ണനീയമാണ്. മൃഗത്തോലും,പച്ചിലകളും,പച്ചമാംസവും ജീവിതത്തിന്റെ പാതയാക്കി അധ്യായം തുടങ്ങിയ മനുഷ്യർ പിന്നീട്ചക്രം കണ്ടു പിടിച്ചു. അതിലൂടെ ജോലി എളുപ്പമായി, പിന്നീട് വൈദ്യുതി ടെലിഫോൺ,കംപ്യൂട്ടർ തുടങ്ങിയ നിരവധി കണ്ടുപിടുത്തങ്ങളിലൂടെ ലോകത്തെ ഞെട്ടിച്ച ജനതയാണ് മനുഷ്യസമൂഹം.തന്റെ ജോലിഭാരം കുറയ്ക്കാനായി അവൻ പതിയെ

തന്റെ അസ്ഥിത്വത്തെ തന്നെ ഉപയോഗിച്ച് തുടങ്ങി. ഒരോന്നും ഉപയോഗിക്കുമ്പോറും മതിയായ സംതൃപ്തി വരാതെ വീണ്ടും വീണ്ടും എന്ന മോഹം അവനിൽ നാമ്പെടുക്കുന്നു.തന്റെ സുഖം തന്നെയാണ് പ്രധാനം എന്ന് നിലപാടോടെ മറ്റ് ജീവികൾക്കും അവകാശപ്പെട്ട പ്രകൃതി വിഭവങ്ങൾ അളവില്ലാതെ എടുത്തു ചൂഷണം ചെയ്തുതുടങ്ങി. പ്രകൃതിയുടെ വരദാനങ്ങളായ മരങ്ങളെ ബദ്ധശത്രുക്കളായി കണക്കാക്കി അവ വെട്ടി നശിപ്പിക്കുന്നു.കേരള നാടിന്റെ സ്വന്തമായ കേര വൃക്ഷത്തെ മുറിച്ച് അതിന്റെ ഫലങ്ങൾ നശിപ്പിച്ച് മനുഷ്യനിർമ്മിതമായ കോക്കനട്ട്ജ്യൂസുകൾ ഉണ്ടാക്കുന്ന ബുദ്ധിനശിച്ചുപ്പോയ ജനതെയെയാണ്  ഇപ്പോൾ നമ്മുക്ക് കാണാൻ സാധിക്കുന്നത്.

"ചെന്തെങ്ങിന്റെ ചോട്ടിലിരുന്നു നാം സോഡ കടം വാങ്ങുന്നു" എന്ന കവി വചനം വളരെ അർത്ഥവത്താണ്.  മരങ്ങൾ വെട്ടി

നശിപ്പിച്ചും പാടങ്ങൾ നികത്തിയും ഓക്സിജൻ പാർലറുകൾ നിർമ്മിക്കുന്നു..മനുഷ്യന്റെ ഇത്രയും ബുദ്ധിശൂന്യമായ പ്രവർത്തികളാണ് നാം എന്നും മാധ്യമം എന്ന പേരായ ഉപാധിയിലൂടെ കാണുന്നത്. ആത്മാർത്ഥതയുടെ ഒരു തിരിപ്പോലും ഞങ്ങൾക്കില്ല എന്നു ദിനം പ്രതി തെളിയിച്ചു കൊണ്ടിരിക്കുകയാണ് നാം.

"പ്രകൃതിയിലേക്ക് ആഴത്തിൽ നോക്കൂ, എല്ലാം തന്നെ നല്ലതായി നിങ്ങൾക്കു  മനസിലാകും" എന്ന ഐൻസ്റ്റീൻ വചനം  ഇന്നത്തെ ജനത ഉരുവിടേണ്ടതാണ്. കേവലം വാട്ട്സ്ആപ്പിന്റെയും, ഫേസ്ബുക്കിന്റെയും ലോകത്തെ ചുഴിയിലകപ്പെട്ടുപോയ ജനത ഇനിയെങ്കിലും ഉണരേണ്ടതാണ്. ഇന്നത്തെ അവസ്ഥ തന്നെയെടുക്കാം മരങ്ങളായ മരങ്ങൾ വെട്ടി നശിപ്പച്ച, കാർബണും, സി.എഫ്. സി. മുതലായ മാരകവസ്തുക്കൾ ഫാക്ടറികൾ പുകച്ച് ആകാശത്തേക്ക് തള്ളി വിട്ട്  സമരം,ഹർത്താൽ എന്നു പറഞ്ഞ്  അതിമാരകമായ വിഷം

പുറപ്പെടുവിക്കുന്ന റബ്ബർ ടയറുകൾ കത്തിച്ച് എല്ലാതരത്തിലുമുള്ള

വിഷപ്പുകകൾ അയച്ച് ആഗോളതാപനത്തിന് വഴിയൊരുക്കി.

മഴപെയ്താൽ സംഭരിക്കാനുള്ള കുളങ്ങളും പുഴകളും നശിപ്പിച്ച്

എല്ലാം തുലച്ച ശേഷം മുറ്റത്തിറങ്ങി ആകാശത്തേക്കു നോക്കി

മഴയില്ല എന്നു പറഞ്ഞ് ആകാശത്തേയും പ്രകൃതിയെയും പഴിചാരുന്നു

എത്ര വിഡ്ഢികളാണ്നാം. ഇന്ന് എത്രയിടങ്ങളിൽ പുഴകളും

തോടുകളുമുണ്ട് ? എന്നും ഉറക്കമെഴുന്നേൽപ്പിക്കാറുള്ള കാക്കകളെ

ഇന്ന് കാണാറുണ്ടോ എന്തിനു പറയുന്നു വേലിയിലും മറ്റു വളരെ

സമൃദ്ധമായി വളരുന്ന ചെമ്പരത്തി പൂക്കൾ ഇന്നു കാണാനുണ്ടോ ?

ഇതിനെല്ലാം നമുക്ക് ഉത്തരം മൗനം മാത്രം .ഇനിയും വൈകീട്ടില്ല

വളർന്ന് വളർന്നു വന്ന നമുക്ക് പെട്ടന്നുണ്ടായ ഒരു

അധികാരബോധമാണ് നമ്മെ ഇങ്ങനെയെല്ലാം ചെയ്യിപ്പിച്ചത്. ഒന്നു

ഉണർന്നാൽ കൈവിട്ടു പോയ പ്രകൃതിയുമായുള്ള ബന്ധം

അറ്റുപോകാതെ തന്നെ നമുക്ക്തിരിച്ചെടുക്കാം .സമരമുറകൾക്ക് പകരം നൂറ് ചെടികൾ നടാം. വറ്റി പോയ കുളങ്ങൾക്ക് ഒന്ന് കൂടി ജീവൻ നൽകാം നശിച്ച പോകുന്ന ആവാസാ വ്യവസ്ഥയെ തിരികെ പിടിക്കാം വംശനാശം നേരിടുന്ന ജീവികളെയും സസ്യങ്ങളെയും ഭദ്രമാക്കി കാത്ത് സൂക്ഷിക്കാം നിലവിലുള്ളവരെ ഉപദ്രവിക്കാതെ നമുക്ക് എല്ലാവർക്കും മാതൃകയാക്കാം ഇനി ഇത് നമ്മുടെ സമൂഹമാണ് അടുത്ത തലമുറ വളർന്ന വരുമ്പോൾ ഇതാ നമ്മുടെ പ്രകൃതി മനോഹരി എന്ന് അഭിമാനത്തോടെ ചൂണ്ടി കാണിക്കാം നമുക്ക് ലഭിച്ചതിലും സമ്പൽ സമൃദ്ധിയോടെ വരും തലമുറയ്ക്ക് നമ്മുടെ പ്രകൃതിയെ തിരികെ നൽകാം പച്ചക്കറികൾക്കും പുറമെ പ്രകൃതിയുടെ ജൈവഫലങ്ങളുടെ സ്വാദറിയാം .കേവലം പുസ്തകങ്ങളിൽ മാത്രം വായിച്ചറിയാവുന്ന മനോഹരിയല്ല,യഥാർത്ഥ പ്രകൃതി മനോഹരിയെ നമ്മുക്ക്

വാർത്തെടുക്കാം വിദ്യാഭ്യാസത്തിലും, സംസ്കാരത്തിലും നമ്മുടെ നിത്യ പുതുമയും ,പാരമ്പര്യവും കാത്തുസൂക്ഷിക്കാം. പ്ലാസ്റ്റിക്ക് എന്ന അസുരനെ തുരത്തി നമുക്ക് നമ്മളായി ജീവിക്കാം. ഇനി വീണ്ടുമൊരു പ്രളയത്തിനു പകരം സമൃദ്ധിയുടെ വസന്തം വിരിയിക്കാൻ ഒന്നു പരിശ്രമിക്കണം  എന്നു മാത്രമെയുള്ളൂ. കഴിഞ്ഞ വർഷം നാം നേരിട്ട ഉഗ്രമൂർത്തിയായ പ്രകൃതിയുടെ ഹൃദയം നമുക്ക് തണുപ്പിക്കാം കലിയുഗം എന്ന പ്രതിഭാസത്തെ യഥാർഥ്യമാകാതെ നമുക്ക്  ഏവർക്കും സൂക്ഷിക്കാം. അതെ, നമുക്ക് നമ്മുടെ ഭാവി ഇപ്പോൾ  തന്നെ ഭദ്രമാക്കാം.  ഇനിയും വൈകിയാൽ ഒരു പക്ഷെ നമ്മൾ പ്രകൃതിയോടൊപ്പം നശിച്ചേക്കും ഹരിതവനം എന്ന ലക്ഷ്യം പ്രാപ്തമാക്കണം. വരൂ.... .........ഒത്തുചേരൂ..........വാർത്തെടുക്കാം നമ്മുടെ പ്രകൃതി മനോഹരിയെ. ഇത്രയെല്ലാം കഴിഞ്ഞിട്ടും ഒന്നു മാത്രമേ

ഓർമിപ്പിക്കുവാനുള്ള **'മനുഷ്യാ  നീ വളർന്നോളൂ പക്ഷേ നിന്റെ വേരുകൾ**

**അവ അറ്റു പോകാതെ സൂക്ഷിക്കണം.'**



അഞ്ജന .പി 10A

കവിത

# മനുഷ്യനാകണം!

ചെന്തെങ്ങിൻ  പടർപ്പിലിരുന്ന്
കുരുവി പാടി.
“അമ്മേ,ഞാനൊരു മനുഷ്യനാകണം
അനാഥനാകാനും
ദീനബന്ധുവാകാനും
ഞാനൊരു മനുഷ്യനാകണം.
കരായാനും ചിരിക്കാനും
ശഠിക്കാനും പിണങ്ങാനും അമ്മേ..
ഞാനൊരു മനുഷ്യനാകണം

ദാഹിക്കുന്നവന്റെ ചുണ്ടിലേക്കിറ്റുന്ന
നീരായ് മനുഷ്യനാകണം.
വിശപ്പിന്റെ തിന്നുന്ന ഒരുവയർ -
ച്ചോറാകും മനുഷ്യനാകണം.
അലിവിന്റെ നിറവിന്റെ സ്നേഹ -
ത്തുടിപ്പിന്റെ രേഖയാം
മനുഷ്യനാകണം!

അമ്മവിളിച്ചാലുമച്ചൻ വിളിച്ചാലും

ഇല്ലഞ്ഞാനിങ്ങോട്ട് ;
മണ്ണിൽ നനവുകുതിരുന്നിടത്തു ഞാൻ

കൊയ്യും പലകൃഷി ,നൽകും
അനാഥന് ഒരുവയർ ചോറും

നൽകും എനിക്കവൻ ഒരുകുടം പുണ്യവും

മർത്ത്യന്റെ ഭാഷയെക്കാളും അറിയണം,

സ്നേഹിച്ച വഞ്ചിപ്പാൻ!
വഞ്ചന എന്നതവർക്ക്സഹജം

ഇന്നത്തെ ലോകത്ത് മൂല്യംനശിച്ച

പാവകളല്ലോ മനുഷ്യർ.

തിന്നും,കുടിക്കും,ചിരിക്കും,കരയും

വെറും പാവകളല്ലോ മനുഷ്യർ!

മനുഷ്യനായ് പിറക്കണം ദ്രോഹിപ്പാൻ
മനുഷ്യനായ് പിറക്കണം മറക്കാൻ

ജീവൻ നശിച്ച,സ്നേഹം മറന്ന

മരപ്പാവകളല്ലോ മനുഷ്യർ.

ഇല്ലമ്മേ... എന്നാൽ തീർച്ച
ഞാൻ മാനവനാകും
എന്തെന്നാൽ
മാറ്റണം ചട്ടങ്ങളെ

ഉണർത്തണം പാവകളെ
ഉണർത്തുവാൻ ഉണർന്നു ഞാൻ
'എനിക്കു മനുഷ്യനാകണം?

മൂല്യം ഉണരും ,ജീവൻതളിർക്കും
സ്നേഹത്യാഗഫലങ്ങൾ
നുകരാനവൻ വന്നിട്ടും.
മരിച്ചിട്ടില്ല മനുഷ്യർ,
ഇപ്പോഴുമുണ്ട്.
ലോകനന്മയക്കായവർ വളരും

സ്നേഹബന്ധത്തിനും
രക്ത ബന്ധത്തിനും
നാമ്പുണർത്താൻ;വേണം.
ഞാൻ മനുഷ്യനാകണം

സ്നേഹിക്കസ്വയം
സ്നേഹംതുടിക്കട്ടെ.
മാനവികത വളരട്ടെ
വേണം.ഞാൻ മനുഷ്യനാകണം.

മാനുഷിക മൂല്യങ്ങൾ
ഓർമ്മപ്പെടുത്തി ജീവിയ്ക്ക

സതീർത്ഥ്യന്റെ സങ്കടം

സ്വന്തമായ് കാണണം.

വേണം മനുഷ്യൻ മനുഷ്യനാകണം.....

വേണം മനുഷ്യൻ മനുഷ്യനാകണം.

---------------------------

അഞ്ജന .പി 10A

# യാത്രാവിവരണം

## മൈസൂർ എന്ന മഹാറാണി

മഹിഷാസുരന്റെ  മണ്ണിലേക്ക് കാലെടുത്തു  കുത്തുമ്പോൾ എന്താണവിടെ  ഉള്ളത് എന്ന ആകാംക്ഷ എന്നിൽ നിറഞ്ഞിരുന്നു. മൈസൂർ പര്യടനം കഴിഞ്ഞ് തിരിച്ചപ്പോഴും എൻെറ ആകാംക്ഷ നിലച്ചിരുന്നില്ല. അത്ര മനോഹരിയാണ് മൈസൂർ.....വളരെ നാളായി കാത്തിരിക്കുകയായിരുന്നു പത്താം ക്ലാസിലെ വിനോദയാത്ര. ഏറെ വൈകിക്കാതെ തന്നെ അത് വന്നെത്തി .രണ്ടാം തിയ്യതി രാത്രി 7:00 മണി എന്ന സമയം ചെവികളിൽ അലയടിച്ചുക്കൊണ്ടേയിരുന്നു. രണ്ടാം  തിയ്യതി രാവിലെ പുതിയ ബാഗും ,യാത്രസാമഗ്രഹികളും വാങ്ങി. ഉച്ചതിരിഞ്ഞ് ഓരോന്നും മൂന്നു നാലും തവണ മടക്കി ബാഗിലാക്കി.രാത്രി ഭക്ഷണവും കരുതിയിരുന്നു.സ്കൂളിലെത്തിയപ്പോൾ എൻെറ കണ്ണുകളേക്കാൾ തിളക്കമായിരുന്നു എൻെറ കൂട്ടുക്കാരുടേതിന്.അവർ കൊണ്ടുവന്ന സാമഗ്രികൾ ഓരോന്നായി വിരലിലെണ്ണി പറഞ്ഞു തുടങ്ങി . ഓരോന്നു കേൾക്കുന്തോറും എൻെറ ഉത്സാഹം കൂടി കൂടി വന്നു. വളരെ ഭംഗിയേറിയ വസ്ത്രങ്ങളായിരുന്നു ഓരോരുത്തരും ധരിച്ചിരുന്നത് . അധികം വൈകാതെ തന്നെ ഞങ്ങളുടെ ബസ് യാത്ര. സ്കൂൾ മുറ്റത്തു വന്ന് ഹോൺ മുഴക്കി.ടീച്ചർമാരും കുട്ടികളുമടങ്ങുന്ന ഒരു വലിയ സംഘം അവരവരുടെ പെട്ടിയുമെടുത്ത് ബസ്സിന്റെ അടുത്തേക്ക് നീങ്ങി.2 ദിവസം കഴിഞ്ഞു

കാണാം എന്ന് എല്ലാവരും മാതാപിതാക്കളോടു പറഞ്ഞു"സൂക്ഷിക്കണം " എന്ന മാതാപിതാക്കളുടെ വാക്ക് ചുമരുകളിൽ പ്രതിഫലിച്ചുകൊണ്ടേയിരുന്നു.ബാഗെല്ലാം ബസ്സിൻെറ പുറകിൽ വച്ചു. വണ്ടിയുടെ ആദ്യ പടിചവിട്ടിയപ്പോൾ വലിയ എന്തോ ഒന്ന് മനസ്സിൽ നിന്നു പോയ പോലെ ഒരു നിമിഷം ഭാരമില്ലാതെയായി.ചെറുതായി ചാലിട്ടിറങ്ങിയ കണ്ണുനീർ തുടച്ചു രക്ഷി താക്കളോടു യാത്ര പറഞ്ഞു.ബസ്സ് പതിയെ നീങ്ങി തുടങ്ങി. അപ്പോഴേക്കും യാത്ര പറച്ചിൽ വേഗത്തിലായി.രാത്രിയുടെ കൂരിരുട്ടിൽ പല നിറങ്ങളിലുള്ള ബൾബുകൾ കൊണ്ടലങ്കരിച്ച ഞങ്ങളുടെ ബസ് ഒരു നെറ്റിപ്പട്ടം കെട്ടിയ ഗജവീരനെപ്പോലെ കുണുങ്ങി കുണുങ്ങി നീങ്ങി തുടങ്ങി.അപ്പോഴേക്കും ചെറിയ രീതിയിലുള്ള ഉച്ചഭാഷിണികൾ നിറഞ്ഞ വണ്ടിയിൽ നിന്നും ആവേശമുർത്തുന്ന ഗാനങ്ങൾ ഉയരാൻ തുടങ്ങി. പാട്ടിനുസരിച്ച് അറിയാതെ കൈകളും കാലകളും പതിയെ ചലിച്ചുതുടങ്ങി.പിന്നീട് അത് ദ്രുതഗതിയിൽ  വഴി നിറയെ രാത്രിയുടെ ഇരുട്ടിൽ വിശ്രമിക്കുകയായിരുന്നു.ആളൊഴിഞ്ഞ കടത്തിണ്ണകൾ അവരുടെ രാത്രി ആഘോഷിക്കുന്നത് കണ്ടപ്പോൾ എന്തെന്നില്ലാത്ത സന്തോഷം തോന്നി.

രാത്രി  അതിൻെറ നടുവിലെത്തിയപ്പോഴാണ്  രാത്രി ഭക്ഷണം എന്ന ചിന്ത വന്നത്.ഉടൻ തന്നെ ഒരു പെട്രോൾ പമ്പിൽ വണ്ടി നിർത്തി.അവിടെ അധികം

ആളുകളുണ്ടായിരുന്നില്ല.ഉണ്ടായിരുന്നവർ തന്നെ വളരെ അസൂയയോടെ ഞങ്ങളെ നോക്കി. ഞങ്ങൾ ആഘോഷിക്കുന്നതിൽ അവർക്ക് ചെറിയ കുശുമ്പുണ്ടെന്ന് ആ നോട്ടം പറഞ്ഞു .അതുകൂടി കണ്ടപ്പോൾ ഞങ്ങൾക്ക് ഞങ്ങളിൽ തന്നെ അഭിമാനം തോന്നി. ഓരോരുത്തരും അവരവരുടെ പാഥേയം അഴിച്ചു. ഒഴിഞ്ഞ രാത്രിയിൽ ഉയർന്ന് പൊങ്ങിയ സ്വാദ് ഏവരേയും കൊതിപ്പിച്ചു കാണും എന്ന് തീർച്ച.ഭക്ഷണശേഷം തിരിച്ച് വണ്ടിയിൽ കയറി ഞങ്ങൾ യാത്ര തുടർന്നു അൽപസമയത്തിനു ശേഷം എല്ലാവരുടേയും കണ്ണുകൾ പരസ്പരം സുഖനിദ്ര മൂളി തുടങ്ങി. അങ്ങനെ വണ്ടിയിലെ ബഹളം തെല്ലൊന്നൊതുങ്ങി...... രാവിലെ 8 മണിയോടെ ഞങ്ങൾ മൈസൂർ എന്ന മഹാറാണിയെ കാണാനെത്തി. മോശമല്ലാത്ത ഒരു ഹോട്ടൽ മുറിയെടുത്ത് എല്ലാവരും അവരുടെ ഭാണ്ഡങ്ങൾ അവിടെ ഇറക്കി വച്ചു .വേഗം പ്രഭാതകൃത്യങ്ങൾ ചെയ്തു വരാൻ ഞങ്ങൾക്ക് അധ്യാപകരുടെ നിർദ്ദേശം ലഭിച്ചു. സമയം കളയാതെ ഞങ്ങൾ അനുസരിച്ച് സ്കൂൾ യൂണിഫോം ധരിച്ചു പ്രഭാത ഭക്ഷണവും കഴിഞ്ഞ് ഞങ്ങൾ ആദ്യ ദിവസത്തെ യാത്രയ്ക്ക് തിരി കൊളുത്തി.പ്രഭയോടെ കത്തിയ ആ ജ്വാലയിൽ ഏവരും തിളങ്ങി നിന്നു.

ആദ്യം ചാമുണ്ഡി ക്ഷേത്രത്തിലാണ് ഞങ്ങൾ പോയത് .അവിടെ കണ്ട ഒരു വലിയ മഹിഷാസുര ശില്പം ഞങ്ങളേവരേയും അത്ഭുതപ്പെടുത്തി. ശേഷം ക്ഷേത്രത്തിന്റെ

മതിൽക്കെട്ടിനകത്തേക്കും പ്രവേശിച്ചു. ഒരു പാട് ആളുകൾ അവിടെ തീർത്ഥാടനത്തിനെത്തിയിരുന്നു. അവരുടെ കൂട്ടത്തിൽ അവിടമെല്ലാം ഞങ്ങൾ ചുറ്റിക്കണ്ടു. അതിനു സമീപത്തുള്ള മൈസൂർ ഭവനങ്ങളും കണ്ടു. വളരെ ലളിതവും മനോഹരങ്ങളുമാണ് അവ .ചെറിയ വീട്ടിൽ സന്തുഷ്ടരായി കഴിയുന്ന അവരെ കണ്ടപ്പോൾ വലിയ വീട്ടിൽ കലഹിച്ചു കഴിയുന്ന ഞങ്ങളോടു തന്നെ പുച്ഛം തോന്നി. വഴിയരികുകളിൽ കാളകളും പശുക്കളും മനുഷ്യരെ പോലെ സ്വാതന്ത്യത്തിൽ നടക്കുന്നുണ്ടായിരുന്നു .വളരെ ലളിത ജീവിതം നയിക്കുന്ന ഗ്രാമവാസികളേയും മനോഹരമായതും ചരിത്ര സ്മരണകളുണർത്തുന്ന ചാമുണ്ഡി ക്ഷേത്രവും കണ്ടശേഷം ഞങ്ങൾ യാത്ര പുനരാരംഭിച്ചു. പിന്നീട് ഞങ്ങൾ പോയത് മൈസൂർ പാലസിലേക്കാണ്. വലിയ രാജസിംഹാസനം, ശില്പങ്ങൾ, ചിത്രങ്ങൾ, പെയിന്റിങ്ങുകൾ, രാജസദസ്സ് എല്ലാം ഞങ്ങളെ അതിശയിപ്പിച്ചു കളഞ്ഞു. ടിപ്പു സുൽത്താൻ എന്ന മഹാപുരുഷനോടു ആരാധന തോന്നിയ നിമിഷങ്ങൾ ആയിരുന്നു അത്. ശേഷം ഉച്ചഭക്ഷണത്തിനായി ഞങ്ങൾ തിരിച്ച് ഹോട്ടലിൽ എത്തി. വളരെ സ്വാദുള്ള ഭക്ഷണം ആയിരുന്നു അവിടുത്തേത്. ഞങ്ങൾ ഭക്ഷണം കഴിച്ച് ഒരു ഇടവേളക്കുശേഷം യാത്ര വീണ്ടും തുടങ്ങി. ടിപ്പുസുൽത്താന്റെ സമാധി ശ്രീരംഗപട്ടണം ലക്ഷ്യമാക്കി ഞങ്ങൾ നീങ്ങിയെങ്കിലും നിർഭാഗ്യവശാൽ ഞങ്ങൾക്കതു കാണാൻ സാധിച്ചില്ല .പിന്നീട് കേട്ടു പരിചയം മാത്രമുള്ള വൃന്ദാവൻ ഗാർഡനിലേക്ക് തിരിച്ചു മനോഹരങ്ങളായ പുഷ്പങ്ങൾ

കൊണ്ടലങ്കരിച്ച സുന്ദരമായ കൊതിപ്പിക്കുന്ന പൂന്തോട്ടം കറുപ്പും ചുവപ്പും കലർന്ന ഇലകൾ ഉള്ള ചെടികൾക്കിടയിൽ വിരിഞ്ഞുനിൽക്കുന്ന മഞ്ഞപുഷ്പങ്ങൾ പൂന്തോട്ടത്തിന്റെ നടുവിലായി ഒരു ഫൗണ്ടൻ. പച്ച പരവതാനിയിൽ മുട്ടുകുത്തി ഇരിക്കാൻ എന്ത് രസമാണെന്നോ! ആരും സ്വന്തമാക്കാൻ കൊതിക്കുന്ന വർണാഭമായ പൂന്തോട്ടം. പല നിറങ്ങളിലുള്ള ഉള്ള പൂക്കൾ അതിഥികളെ നോക്കി പുഞ്ചിരി തൂകി അതിനെ ഇനിയും വിവരിക്കണം എന്നുണ്ടെങ്കിലും പറഞ്ഞു ഫലിപ്പിക്കാൻ കഴിയാത്ത അവസ്ഥയാണ് എനിക്കിപ്പോൾ. നേരം സന്ധ്യ മയങ്ങിയപ്പോൾ അവിടെ പരിപാടി തുടങ്ങി. പാട്ടു വെക്കുന്നതിന് അനുസരിച്ച് പച്ച വെള്ളം ആടിയുലഞ്ഞു നൃത്തം വയ്ക്കുന്നു ഇതാണ് സംഗതി . വെള്ളം കൊണ്ട് പല ആകൃതിയിൽ ഇതിൽ നൃത്തം വയ്ക്കുന്നു ഇത് എന്താണെന്ന് എന്ന് നേരിട്ട് കാണാനുള്ള കൊതിയിൽ മുൻനിരയിൽ തന്നെ ഞാനും എന്റെ കൂട്ടുകാരും ചെന്നിരുന്നു. അതാ പാട്ടു തുടങ്ങുന്നു പിൻനിരയിൽ നിന്ന് കാണികളുടെ അലർച്ച ആവേശം അതാ വെള്ളം നൃത്തം വയ്ക്കുന്നു അതിനനുസരിച്ച് വെളിച്ചത്തിന് അലങ്കാരവും തെറിച്ചു വീഴുന്ന വെള്ളം കണ്ടപ്പോൾ പവിഴമുത്ത് ആണെന്ന് തോന്നിയത്. പരിപാടി കഴിഞ്ഞ് എല്ലാവരും എഴുന്നേറ്റു അപ്പോഴും എന്റെ മനസ്സ് വെള്ളത്തിനൊപ്പം നൃത്തം വയ്ക്കുകയായിരുന്നു. മനസ്സിലാകെ എന്തെന്നില്ലാത്ത ഒരു ആനന്ദം. ശരീരത്തിന് ഒട്ടും കനമില്ലാത്ത ഒരു അനുഭൂതി .അറിയാതെ അവിടം ബഹിരാകാശമായിയെന്ന് എനിക്ക്

അനുഭവപ്പെട്ടു .കുട്ടികൾ തെരുവോരങ്ങളിൽ നിന്നും മധുരവും മറ്റും വാങ്ങി പിന്നീട് എല്ലാവരും ഒന്നിച്ച് വണ്ടിയിൽ കയറി. സമയം എട്ടു മണിയോടടുത്തു ഇനി എങ്ങോട്ടാ സാറേ പല കുട്ടികളും ചോദിച്ചു തുടങ്ങി അപ്പോഴാണ് മാഷ് ഡിജെപാർട്ടി എന്ന് പറയുന്നത് . ആദ്യമൊന്നു ഞെട്ടിയെങ്കിലും യാത്രാക്ഷീണം വെച്ച് എങ്ങനെ പാർട്ടിയിൽ പങ്കെടുക്കും എന്ന് ആലോചിച്ചു പോയി. ഞാൻ അവിടെ എത്തിയപ്പോൾ ഞങ്ങൾക്കു മുമ്പ് കയറിയ കുട്ടികൾ വിയർത്തുകുളിച്ചു വരുന്നത് കണ്ടപ്പോൾ എനിക്ക് പുച്ഛം തോന്നി .ഇത്രയും ഉണ്ടോ എന്ന് ഞാൻ ആലോചിച്ചു എന്നാൽ എന്റെ പ്രതീക്ഷകളെ മുഴുവനായും തെറ്റിക്കുന്നതായിരുന്നു അവിടം. ചുറ്റും പല നിറത്തിലുള്ള വെളിച്ചങ്ങൾ കാതടപ്പിക്കുന്ന രീതിയിൽ ഉറഞ്ഞുതുള്ളിക്കുന്ന പാട്ടുകൾ പുകയും നിറഞ്ഞുനിന്നിരുന്നു. കിടപ്പിലായ ഒരാളെ എഴുന്നേൽപ്പിച്ച് ഉറഞ്ഞുതുള്ളിക്കാൻ പറ്റിയ അന്തരീക്ഷം എങ്ങനെ ചുവടുവയ്ക്കാതിരിക്കും എന്റെ ക്ഷീണമെല്ലാം പമ്പ കടന്നു വൈദ്യുതി കയറുന്നതുപോലെ പോലെ ആവേശം പകർന്നു മറ്റുള്ളവരിലേക്കും അത് പകർന്നു .ഞാനും എന്റെ കൂട്ടുകാരും സ്ഥലകാലബോധം ഇല്ലാതെ നൃത്തം വെച്ചു .സ്കൂളിലെ കുട്ടികളേക്കാൾ കേമന്മാരായ ഞങ്ങളെന്ന് തെളിയിച്ചു. ആകെ വിയർത്തു കുളിച്ചു മുൻപിറങ്ങിയവരെ ഒരു കാരണവശാലും കുറ്റം പറയാൻ പറ്റില്ല എന്ന് മനസ്സിലായി കുറച്ചു നേരം മുൻപ് എന്താണ് ഉണ്ടായതെന്ന് എനിക്കുപോലും ബോധ്യം ഇല്ലാതായി .തിരിച്ചു ഹോട്ടലിൽ ചെന്നു അവിടെ ചിക്കൻ ബിരിയാണി ആയിരുന്നു

ഉറക്കം വന്ന് തൂങ്ങിയിരിക്കുകയായിരുന്ന അപ്പോൾ എന്റെ കൂട്ടുകാരെല്ലാം ആർത്തിയോടെ ഭക്ഷണം കഴിച്ചു. എനിക്ക് ഉറക്കം വന്നു . ഇത് ഏതാണ് സ്ഥലം എന്നുകൂടി അറിയില്ല  വിയർത്തു നനഞ്ഞിട്ടുണ്ട്. വണ്ടിയിൽ നല്ല തണുത്ത കാറ്റും അടിച്ചു വന്നാൽ ആരാണ് ഉറങ്ങാത്തത്. എന്നാലാർക്കും ഉറക്കം വന്നില്ല എന്ന് എന്നെ അത്ഭുതപ്പെടുത്തി. വിയർത്ത വസ്ത്രം മാറ്റി ചൂടുള്ള നല്ല വസ്ത്രം ധരിച്ചപ്പോഴാണ് എനിക്ക് സ്വസ്ഥത കിട്ടിയത്. പിന്നീട് കൂട്ടുകാർ വിശേഷം പറഞ്ഞു ഉറക്കപ്രിയായ ഞാൻ അതെല്ലാം ഒരു പോലെ കേട്ട് മധുര സ്വപ്നങ്ങളും കണ്ടുറങ്ങി . വിനോദയാത്രയുടെ രണ്ടാം ദിവസം  രാവിലെ നേരത്തെ എഴുന്നേറ്റ് പ്രഭാതകൃത്യങ്ങൾ കഴിഞ്ഞ്ഭക്ഷണം കഴിച്ചു തലേ ദിവസത്തെ ക്ഷീണം ഒരു പരിധി വരെ ഉറങ്ങി തീർത്തതുകൊണ്ട് രാവിലെ വളരെ ഉത്സാഹത്തിലായിരുന്നു എല്ലാവരും "മാഷെ ഇന്നെങ്ങോട്ടാ നമ്മൾ പോകുന്നേ" കൂട്ടത്തിലൊരു കുട്ടി ചോദിച്ചു നമ്മൾ ഇന്ന് എല്ലാവരുടേയും ഇഷ്ടപ്പെട്ട മൃഗശാലയിലേക്കാണ് പോകുന്നതെന്ന് മാഷ് പറഞ്ഞു തീരുംമുമ്പേ കുട്ടികൾ ആവേശത്തോടെ തിടുക്കം കാട്ടി മൈസൂർ മൃഗശാല കരുതിയതിലും വലുതാണ് ധാരാളം മൃഗങ്ങളുണ്ടവിടെ കാടിനു സാദൃശ്യമായി എല്ലാ സൗകര്യങ്ങളും അവർ മൃഗങ്ങൾക്ക് നൽകിയിരുന്നു. ആദ്യം കണ്ടത് പക്ഷിസമൂഹത്തെയാണ് ഇതുവരെ ചിത്രങ്ങളിൽ പോലും കാണാത്ത പക്ഷികൾ ഇങ്ങനെ ഒന്ന് ഭൂമിയിൽ ഉണ്ടായിരുന്നോ

എന്നവരെ സംശയിച്ചു. എന്നിട്ട് വാനര സമൂഹത്തെയും തുടർന്ന് കടുവാ സിംഹം തുടങ്ങിയവയേയും കണ്ടു. വലിയ കരടികൾ ഹിപ്പോ പോട്ടാമസും ആനയും ജിറാഫ് എല്ലാം ഞങ്ങളിൽ ഏറെ കൗതുകം നിറച്ച മൃഗശാല സന്ദർശനം കഴിഞ്ഞ് ഒരു മ്യൂസിയത്തിലേക്കാണ് പോയത് അവിടെ മൈസൂരിന്റ തനത് വിഭവങ്ങളെ പരിചയപ്പെടുത്തി. ഒരുപാട് മൈസൂർവിഭവങ്ങൾ കണ്ടു. മഞ്ഞൾ,കാപ്പി,ചന്ദനം എല്ലാം തുടർന്ന് രാജാക്കന്മാരും,അവരുടെ ആയുധങ്ങളും തുടങ്ങിയ ഒരു വലിയ ശേഖരം. ഭക്ഷണത്തിനു ശേഷം ശുകവനത്തിൽ പോയി. ലക്ഷോപലക്ഷം തത്തകളുടെ ഇടയിൽ ഒരു സായാഹ്നം.എന്ത് രസമാണ് അവരുടെ കൊഞ്ചൽ! അവയിൽ പലതും ഞങ്ങളോട് കുശലം അന്വേഷിച്ചു. പഞ്ചവർണ്ണതത്തയ്ക്കപ്പുറമുള്ള തത്തകകളെ അപ്പോഴാണ് ഞാൻ കാണുന്നത്.പടിഞ്ഞാറ് ചുവപ്പ് കലർന്നു തുടങ്ങിയപ്പോഴേക്കും മൈസൂർമണ്ണിനോട് യാത്ര പറഞ്ഞു. ഒരുപാട് നല്ല ഓർമ്മകൾ ഒപ്പിയെടുത്ത് ഞങ്ങൾ തിരിച്ചു. വൈകിയ വേളയിൽ പോലും മൈസൂർ എന്ന മഹാറാണി തന്റെ പ്രഭ ചൊരിയിച്ചു കൊണ്ടേയിരിക്കുന്നു.നീണ്ട രാത്രിയ്ക്കു ശേഷം സ്കൂൾ അംഗണത്തിൽ എത്തി. ബസ്സിലെ അവസാന പടിയിറങ്ങിയപ്പോഴും എല്ലാവരുടെയും മനസ്സിൽ അത്ഭുതറാണി നൃത്തമാടി കൊണ്ടിരുന്നേക്കും എന്നതിൽ എനിക്ക് സംശയമില്ല!... അപ്പോഴണ് മനോഹരിയായ മൈസൂരിനെ ഞാനറിഞ്ഞത്. വീട്ടിലെത്തി വിശേഷം പറയുമ്പോഴും എന്റെ മനസ് മൈസൂർ മണ്ണിൽ ആറാടുകയായിരുന്നിരിക്കാം.... അത്രക്കും എടുത്തു കളഞ്ഞല്ലോ! മൈസൂർ എന്ന മഹാറാണി എന്നെ...........

അഞ്ജന. പി 10A

കവിത

# ഭൂതങ്ങൾ

രാത്രിയെ ഭയാമാണെനിക്ക്
നട്ടുമുറ്റത്തേക്ക കണ്ണോടിക്കുവാൻ പോലും
അമ്മ ചൊല്ലിയ ഭൂതങ്ങൾ
കണ്ണു തെളിക്കുന്നിതായിരുട്ടിൽ
രാത്രിയിൽ ഗീതം മുഴക്കിയവർ
ആധിയാൽ അന്ന രാത്രികളിൽ
ധീരതയില്ലാതെ ഞാനുറങ്ങി
ആ നീട്ടിവിളികൾ രാത്രിയിൽ മുഴങ്ങി
ചെവികൾ പൊത്തി ഞാൻ മെല്ലെ മയങ്ങി
ഇന്നിരുട്ടിനെ  പേടിയില്ല
മിന്നങ്ങും ചന്ദ്രനും കൂടെ ഉണ്ട്
ഭൂതങ്ങളാം മാനവർ പുറത്ത് ഉണ്ട്
മനോഹരങ്ങളാം അവർ ആരെയും
ഹനിക്കുമെന്നത് തീർച്ചയാണ്
സ്വർത്ഥതയാൽ സഞ്ചരിക്കുമവർ
നയിക്കുന്ന ലോകത്തെയിരുട്ടിലേക്ക്.



**കൃഷ്ണദാസ് എം വി 10A**

കവിത

# തേൻ തോട്ടം

തൊടിയിലെ പൂക്കളാസ്വദിച്ച്
പൂവുകൾ തോറും പാറി നടന്ന്
ദഹനമകറ്റി മധുനുകർന്ന്
ശലഭങ്ങൾ വിഹരിക്കുകയായ്
തൊടിയിലെങ്ങും
പൂമണം പരന്നു അവിടെയെങ്ങും
ചിറകടി ശബ്ദം മുഴങ്ങിയെങ്ങും
പൂന്തോട്ടം തേൻ തോട്ടമാക്കി
മാറ്റിയാ
ഭംഗിയുള്ള ഷഡ്പദങ്ങൾ
പുഷ്പങ്ങൾ
മത്സാർത്ഥികളെപ്പോൾ
മാടി മാടി വിളിച്ചു മധുപങ്ങളെ
ശലഭങ്ങൾക്കൊരുനമേഷമായിയപ്പോൾ
പൂക്കൾക്കു സന്തോഷമായിയപ്പാൾ
ദലമർമ്മര ശബ്ദത്തിൽ
നൃത്തം ചെയ്യും
സുഹൃത്തുകളെപ്പോൾ
സൗഹൃദം പങ്കിടും
തൊടിയിലെ ജീവിതം തേൻ ജീവിതം
സ്വർഗ്ഗ ജിവിതം ആനന്ദപൂരിതം



കൃഷ്ണദാസ് 10A

# മഴക്കെന്താപറ്റ്യേ! ( കഥ )

മഴ...എനിക്കു നിനക്കും അവൾക്കും അവനും എന്നും ഏറേ ഇഷ്ടമായിരുന്നില്ലേ?കുടപിടിച്ച് നടന്നു നടന്ന് പോകുന്ന എന്നെ തൊടാൻ വാശിയോടെ വരുന്ന ചാറ്റൽ മഴയോട് ശക്തിയുക്തം പൊരുതിയപ്പോഴും അവസാനം കണ്ണീരുകൊണ്ട്



ചേല മുഴുവൻ നനച്ചപ്പോഴും ഞാൻ അവളിൽ സ്നേഹം മാത്രമേ ദർശിച്ചിരുന്നുള്ളൂ. കുത്തിയൊലിച്ച് വന്ന മഴയിൽ കളിവഞ്ചിയൊഴുക്കിവിടാൻ നീയും ഞാനും അവളും അവനും കൗതുകത്തോടെ, വാശിയോടെ കുട്ടി കുറുമ്പു കാണിച്ചിരുന്ന നമ്മുടെ കുട്ടിക്കാലം എന്നെ ഇപ്പോഴും അതിശയിപ്പിച്ചു കൊണ്ടിരിക്കുകയാണ്.ചോർച്ചയുണ്ടാക്കുന്ന മഴ എന്നും സങ്കട പെടുത്തുമ്പോഴും അതിലും പുതുമ കണ്ടെത്തി ജീവിതം ആസ്വദിക്കാൻ നമുക്ക് കഴിഞ്ഞിരുന്നല്ലോ. തോട്ടും പുഴയും കുളവും തെങ്ങിൻചുവട്ടും നിറക്കുന്ന മഴ നമ്മുടെ സ്വപ്ന ത്തിൽ സുന്ദരിയായിരുന്നല്ലോ.ഇന്നെന്താ അവൾക്കു പറ്റ്യേ! അവളേയും ഏതെങ്കിലും തരത്തിൽ ആരെങ്കിലും

പറ്റിച്ചോ?ഇന്ന് ഇത്ര മതി.ഉത്തരം കിട്ടാത്ത ചോദ്യങ്ങളുടെ കലവറ നാളെ തുറക്കാം.ഇന്നും എന്നും മഴ വൈവിധ്യങ്ങൾ രൂപപ്പെടുത്തുന്നു.. ഞാനും നിങ്ങളും അതനുസരിച്ച് ജീവിക്കാൻ പാടുപ്പെടുകയല്ലേ പുഴ നിറഞ്ഞുകവിഞ്ഞ് നമ്മളെ തൊട്ടുനനച്ച് തലോടാൻ വരുന്ന കാഴ്ച എനിക്ക് ഏറേ സാന്ത്വനമാകാറുണ്ട്.ഇന്നതെന്നെ വേദനിപ്പിച്ചുതുടങ്ങി.ആ വരവ് ഭീതിയുടെ പര്യായമായി.അവളെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല....മൂന്നു മാസംകൊണ്ട് പെയ്തു പെയ്തു തീർക്കേണ്ട കണ്ണീർ ഒരു വാരം കൊണ്ടല്ലേ പൊഴിയുന്നത്.അത് അവളുടെ ഗതികേട്.കടലമ്മയുടെ മടിയിലെത്താൻ നേർവഴി കാണാതെ അവൾ നട്ടം തിരിഞ്ഞു. എന്നാലും പഴി അവൾക്കു തന്നെ.വീണ്ടും..അവളും ചതിയന്മാരുടെ വലയിൽ .ഇരയായ അവളുടെ തലയിൽ കുന്നുകൂടി ദുർഗുണങ്ങൾ പറഞ്ഞും കേട്ടും അങ്ങനെ തീർന്നു വർഷം.ബാക്കി അടുത്ത വർഷത്തിൽ
വർഷത്തിലേക്ക്..........

ലത .പി മേനോൻ
അധ്യാപിക

കഥ

# മഴ



ഒരിക്കൽ ഒരമ്മയും മകനുമുണ്ടായിരുന്നു.അവർ വളരെ സ്നേഹത്തിലാണ് കഴിഞ്ഞിരുന്നത്.ചെറുപ്പത്തിൽ തന്നെ അച്ഛൻ മരച്ചുപോയി.മകനെ പോറ്റാൻ അമ്മ വളരെയധികം പാടുപെട്ടു.അവന്റെ പേര് അപ്പുവെന്നായിരുന്നു. അവന് മഴയത്ത് തുള്ളിച്ചാടിരസിക്കാൻ വളരെ ഇഷ്ടമായിരുന്നു.ഒരുദിവസം അമ്മ കുളിക്കാൻ പോയ നേരത്ത് അവൻ മുറ്റത്ത് കളിച്ചു കൊണ്ടിരിക്കുമ്പോൾ പെട്ടെന്ന് മഴ പെയ്തു.അവൻ അടങ്ങിയിരിക്കുമോ .അവൻ ചാടി തുള്ളി കളിക്കാൻ തുടങ്ങി. കുളികഴിഞ്ഞ് അമ്മ വന്നപ്പോൾ മഴയത്ത് തുള്ളിച്ചാടിക്കളിക്കുന്ന തന്റെ പുന്നാര മകനെയാണ് കണ്ടത്. അമ്മക്ക് കലിതുള്ളി. അമ്മ ഒരു വടിയെടുത്ത് അടിച്ചു. അവൻ കരഞ്ഞു പോയി. കരഞ്ഞു കരഞ്ഞ് അവൻ തളർന്നു .അങ്ങനെ ഇരിക്കുമ്പോൾ അമ്മ വന്നു പറഞ്ഞു :സാരമില്ല ;ഞാൻ നിന്നോട് പറഞ്ഞിട്ടില്ലേ ,മഴയത്ത് കളിക്കരുതെന്നും പനിപിടിക്കുമെന്നും ഇനി എന്റെ മോൻ അങ്ങനെ ഒന്നും ചെയ്യരുത്. അവൻ സമ്മതം മൂളി. പിറ്റേ ദിവസം മിടുമിടുക്കനാക്കി സ്കൂളിൽ കൊണ്ടുപോകാമെന്ന ആഗ്രഹത്തോടെ അമ്മ അവനെ വിളിച്ചു. അവൻ വളരെ ക്ഷീണിതനായി പറഞ്ഞു:എനിക്ക് വയ്യ അമ്മേ. അമ്മ മകന്റെ നെറ്റിയിൽ

തൊട്ടുനോക്കി.അമ്മ ഞെട്ടിപോയി.നല്ല ചൂട്. കൈയ്യിൽ പൈസയുമില്ല. ഇനി എന്തുചെയ്യും, എന്ന്ആലോചിച്ചപ്പോൾ കടം വാങ്ങാം എന്ന് തീരുമാനിച്ചു. അടുത്ത വീട്ടിലെ കണ്ണൻ ചേട്ടനോട് കടം ചോദിച്ചു. അങ്ങനെ അവന് മരുന്നുകൾ വാങ്ങി. അത് എല്ലാദിവസവു കഴിപ്പിക്കും. എന്നാൽ.......... കടംമാത്രം ബാക്കിയായി. കണ്ണൻചേട്ടന് എവിടെയോ ജോലികിട്ടിയപ്പോൾ കണ്ണൻചട്ടനും കുടുംബവും താമസം മാറ്റി. വർഷങ്ങൾ 18 കഴിഞ്ഞു. അപ്പുവിന്റെ കല്യണം കഴിഞ്ഞു. സുന്ദരിയായ ഭാര്യ ,നല്ല വിദ്യഭ്യാസം എല്ലാമുണ്ട്. പക്ഷേ അപ്പുവിന്റെ ഭാര്യക്ക് അപ്പുവിന്റെ അമ്മയെ ഇഷ്ടമായിരുന്നില്ല.അതുകൊണ്ടു തന്നെ അമ്മയെ കൊല്ലാൻ വേണ്ടി പല തന്ത്രങ്ങളും ചെയ്തുനോക്കി. എന്നാൽ അതിൽ നിന്നെല്ലാം അമ്മ രക്ഷപ്പെട്ടു. ഒരു ദിവസം അപ്പു ദൂരയാത്രക്കു പോയനേരം. 4 ദിവസങ്ങൾ കഴിഞ്ഞെ വരുകയുള്ളൂ. ഈ തക്കം നോക്കി അപ്പുവിന്റെ ഭാര്യ രേഖ ഒരു സൂത്രം മനസ്സിൽ കരുതിവെച്ചു.അന്ന് രേഖയുടെ തന്ത്രങ്ങൾ എല്ലാം ഫലിച്ചു. എന്തെന്നാൽ രേഖ, അമ്മയോട് പറഞ്ഞു;നിങ്ങൾ നിങ്ങളുടെ വീട്ടിൽപോകൂ. ഇത് എന്റെ ഭർത്താവിന്റെ വീടാണ്. ഇതുകേട്ടപ്പോൾ അമ്മക്ക് വിഷമമുണ്ടായെങ്കിലും അത് പുറത്തുകാണിക്കാതെ അമ്മ പറഞ്ഞു: നീ പറയുന്നപോലെ എനിക്ക് ഇറങ്ങിതരാൻ മനസ്സില്ല. അവൾ കലിതുള്ളി.എന്നിട്ട് അമ്മയെ വീട്ടിൽ നിന്ന് പുറത്താക്കി. പാവം അമ്മ എങ്ങോട്ടു പോകാൻ .കുറേ നേരം വാതിലിൽ  തട്ടിനോക്കി വാതിൽ തുറന്നതേയില്ല. അവസാനം അമ്മ പെരുവഴിൽ കൂടി നടന്നു. അങ്ങനെ 4 ദിവസം തെണ്ടി തിരിഞ്ഞു. നാലാം ദിവസം അപ്പു വഴിയില്ലൂടെ നടന്നു വരുമ്പോൾ ഒരു സ്ത്രി ബോധമറ്റു കിടക്കുന്നത് കണ്ടു .ഈ 4 ദിവസവും മഴയായരുന്നു. ആ സ്ത്രീ സൂക്ഷിച്ചു നോക്കിയപ്പോൾ അപ്പുവിന് അത് തന്റെ അമ്മയാണ് കിടക്കുന്നതെന്ന്

മനസ്സിലായി. അപ്പു വേഗം അമ്മയെ ആശുപത്രിയിൽ എത്തിച്ചു. എന്നാൽ ആ ജീവൻ അപ്പോഴേക്കും പൊലിഞ്ഞു പോയിരുന്നു. 4 ദിവസവും മഴ കൊണ്ട് നടന്നതു കാരണമാണ് അമ്മ മരിച്ചതെന്ന് അപ്പുവന് ഒരു സംശയമുണ്ടായി. കാരണം ഭാര്യക്ക് അമ്മയോടുള്ള വിമ്മിഷ്ടം അവന് അറിയാമായിരുന്നു. അവൻ നേരെ വീട്ടിലേക്ക് പോയി .ഭാര്യ അവിടെയുണ്ടായരുന്നില്ല. അവൾ ഈ കാര്യം നേരത്തേ അറിഞ്ഞിരുന്നു. അപ്പു രേഖയുടെ വീട്ടിലേക്ക് നടന്നു .അവൾ അവിടെയുണ്ടായിരുന്നു. അവൾ എന്തോ ആലോചിച്ചിരിക്കുകയായിരുന്നു. അപ്പു വരുന്നത് കണ്ടപ്പോൾ അവളുടെ മുഖത്ത് കരച്ചിലാണ് വന്നത്.കാരണം ആ മനസ്സിൽ പശ്ചാതാപം ഉണ്ടായി. അവൾ നടന്ന കാര്യങ്ങൾ എല്ലാം പറഞ്ഞ് മാപ്പ് അപേക്ഷിച്ചു. അവളുടെ കരച്ചിൽ കണ്ടപ്പോൾ അപ്പുവിന് മനസ്സലിഞ്ഞു. അപ്പോൾ പെട്ടെന്ന് കനത്ത മഴ പെയ്തു .അപ്പു ആ മഴ നോക്കി നിന്നപ്പോൾ അവന് ഓർമ്മ വന്നത് താൻ മഴയത്ത് കളിക്കുന്നതു കണ്ടപ്പോൾ അമ്മ വന്ന് തന്നെ അടിച്ചതാണ്. ആ ഓർമ്മ മനസ്സിൽ വന്നപ്പോൾ അവന്റെ കണ്ണുകൾ അറിയാതെ നനഞ്ഞു പോയി. വർഷങ്ങൾ പിന്നെയും കഴിഞ്ഞു. കണ്ണൻ ചേട്ടൻ നാട്ടിലെത്തി.അപ്പോൾ അപ്പു തന്റെ കടം തീർത്തു.എന്നിട്ട് അപ്പുവും ഭാര്യ രേഖയും അമ്മയുടെ ഓർമ്മയെല്ലാം മറന്ന് വളരെ സന്തോഷത്തോടെ ജീവിച്ചു

നന്ദന .എം .എസ്
6A

# പൈക്കിടാവ്

അകിട് ചുരത്തി കുടിക്കുന്ന പൈക്കിടാവേ
നിന്നെ കാണുവാൻ ഇന്നു എന്തൊരു ഭംഗി
അമ്മ തൻ പാലിൻ നിറമാണു നിനക്കും
കുസൃതി കുറുമ്പുള്ള പൈക്കിടാവേ
ഓടിക്കളിച്ചും ചാടിക്കളിച്ചും
തുള്ളിക്കളിച്ചും വളർന്നില്ലേ നീ
ഞാൻ നട്ട പനിനീർ ചെടി മൊട്ടിട്ടപ്പോൾ
തലയറുത്തു ഭക്ഷിച്ച പൈക്കിടാവേ
കൃഷ്ണ പൂജക്കായി കൊണ്ടുകെട്ടുമ്പോൾ
നീ കാട്ടും ചെറിയ കുസൃതികളെല്ലാം
നിന്നെ പിരിയാൻ മനസ്സില്ലെനിക്ക്
കുസൃതി കുറുമ്പുള്ള പൈക്കിടാവേ



ഉജിത്ത്.എം 7C

# വായനാക്കുറിപ്പ് -- 'ആത്മരാഗം'

ശരത് എന്ന പ്രതിഭാശാലിയായ സംഗീതജ്ഞൻ ഇന്നേവരേ പറയാത്ത സംഗീതാനുഭവങ്ങളും തന്റെ ജീവിതവും പങ്കുവയ്ക്കുന്ന പുസ്തകമാണ് 'ആത്മരാഗം'.ശരത് നടന്നുവന്ന വഴികളെ നർമ്മമധുരമായിട്ടാണ് ഈ ചെറിയ വലിയ മനുഷ്യൻ നോക്കികാണുന്നത് എന്നത് പുതിയ തലമുറയ്ക്ക് ജീവിതപാഠമാണ്.പേരിനും പ്രശസ്തിക്കുമപ്പുറത്ത് സംഗീതത്തോടുള്ള ശരത്തിന്റെ അഗാധമായ ആത്മബന്ധവും സമർപ്പണവും ഈ പുസ്തകത്തിൽ ഇതൾ വിരിയുന്നുണ്ട്.വളരെ നർമ്മസമ്പന്നമായ ചിത്രങ്ങൾ ഇതിൽ കൊടുത്തിട്ടുണ്ട്. മാതാപിതാക്കന്മാരോടൊപ്പവും കുഞ്ഞനിയനോടൊപ്പവും സംഗീതപരിപാടിയിലൂടെയും, മലയാളത്തിലെ വാനമ്പാടികളുടെയും മറ്റ് സഹോദരന്മാരോടും കൂടെയുള്ള നർമ്മമധുരമായ നിമിഷങ്ങളും ഇതിൽ കൊടുത്തിട്ടുണ്ട്. നാലുഭാഗമായാണ് ഈ പുസ്തകം ആവിഷ്കരിച്ചിരിക്കുന്നത്. കരളലിയിപ്പിക്കുന്ന നിമിഷങ്ങളും സഹനങ്ങളും അദ്ദേഹം അനുഭവിച്ച വേദനകളും ഇതിൽ കൊടുത്തിട്ടുണ്ട്. ഈ പുസ്തകത്തിൽ എനിക്ക് ഇഷ്ടപ്പെട്ടത് ദൈവത്തിന്റെ കൈയ്യൊപ്പുകൾ എന്ന ഭാഗമാണ്. മലയാളത്തിന്റെ ജീവിതാനുഭവങ്ങൾ കൈയ്യൊപ്പാകുന്ന ഈ ചെറിയ വലിയ പുസ്തകം ഏതൊരു മനുഷ്യന്റെ മനസ്സ് അലിയിപ്പിക്കുന്നതും സ്വാധീനിക്കുന്നതുമാണ്.



ആൽജോ ജോഷി

7 B

# ചെങ്കദളി

ഓർമ്മ തുടിപ്പിൻ കാലം മുതൽ ഞാൻ
അച്ഛൻതൻ ഒഴിവയർ കണ്ടു വളർന്നു
അമ്മതൻ വിരഹം അറിഞ്ഞില്ല ഞാനിന്നേ വരെ
അച്ഛൻതൻ സ്നേഹം മാത്രം



അച്ഛന്റെ സ്നേഹത്തിൻ
തുല്യമാം ഭാരത്തിലില്ലൊരു
വസ്തു പൃഥ്വി വിലിന്നേവരെ!
അച്ഛൻതൻ ചുംബനമെൻ
തിരുനെറ്റിയിൽ
ചന്ദനച്ചാത്തിൻ തുല്ല്യം
ക്ഷേത്രത്തിൻ കൽപ്രതിമയാം
ഈശ്വര വിഗ്രഹത്തേക്കാൾ
ശ്രേഷ്ഠം എൻ അച്ഛൻ
കൗമാരത്തിൽ വിയർപ്പു തുള്ളിയാൽ
നിറംമങ്ങിയ അച്ഛന്റെ രൂപം
എനിക്കൊരപമാനമായി നിറുകയിൽ പതിച്ചു
ചാന്ദക്കലക്കു തുല്ല്യം ജ്വലിച്ചു നിന്ന
അച്ഛനെ ഞാനറിയാതെ പോയി
നയനത്തിൽ മുന്നിലുള്ള ഏതെന്തിനേയും

പടവെട്ടിപ്പിടിക്കാൻ ശ്രമിച്ച ഞാൻ '
അതിനിടയിൽ അച്ഛനെനിക്കൊരു ഭാരമായി
പിന്നീട് പശ്ചാതാപത്തിൽ സമയമുറച്ചപ്പോൾ
അച്ഛനെ തിരക്കിയിറക്കി ഞാൻ
കേട്ടു ഞാൻ അങ്ങ് തൊടിയിലെ
ചെങ്കദളിയുടെ ചോട്ടിലൊരു
മൺവെട്ടിയുടെ വേദനതൻ ശബ്ദം
കണ്ടു ഞാൻ അച്ഛന്റെ വിയർപ്പിൻ തുള്ളിയാൽ
തഴച്ച നിന്നിരുന്ന ചെങ്കദളി കുലയുടെ
പരിഹാസത്തിൻ ചിരി എൻ നയനങ്ങളിലാഴത്തിൽ പതിഞ്ഞു
ചേർത്തു ഞാൻ അച്ഛന്റെ ചുളുങ്ങിയ കൈപ്പടം
എൻ നെഞ്ചിലേക്കി, കേട്ടു ഞാൻ അച്ഛന്റെ
വിരഹത്തിൻ തേങ്ങൽ മാത്രം





നിരഞ്ജൻ വി ബി 10A

# ഡിജിറ്റൽ ചിത്രങ്ങൾ

ഇമ്മാനുവൽ തോമസ്





സച്ചിൻ എംജെ





ഇൻവിൻ ബെന്നി



# സ്കൂൾ മികവുകളിലേക്ക്.............

## സീഡ്

## സീഡ് പ്രവർത്തനങ്ങൾ







**നെൽകൃഷി**







**മട്ടുപ്പാവിലെ കൃഷി**

# നാട്ടുപൂക്കൾ കൊണ്ടൊരു പൂക്കളം




## പ്രളയത്തിനൊരു കൈതാങ്ങ്






# ഔഷധക്കഞ്ഞി വിതരണം








## ഔഷധ സസ്യങ്ങളെ പരിചയപ്പെടൽ

### പേപ്പർ പേനയുമായി സീഡ് അംഗങ്ങൾ



അവിട്ടത്തൂർ സ്കൂളിലെ സീഡ് അംഗങ്ങൾ തങ്ങൾ നിർമിച്ച പേപ്പർ പേനകളുമായി

**അവിട്ടത്തൂർ►** അവിട്ടത്തൂർ എൽ.ബി.എസ്.എം. ഹയർ സെക്കൻഡറി സ്കൂളിലെ സീഡംഗങ്ങളുടെ നേതൃത്വത്തിൽ പേപ്പർ പേന നിർമിച്ചു. 'തോൽപ്പിക്കാം പ്ലാസ്റ്റിക് മാലിന്യത്തെ' എന്ന പരിപാടിയുടെ ഭാഗമായാണ് പേപ്പർ പേനകൾ നിർമിച്ചത്.

സ്കൂൾ ഒഴിവുസമയങ്ങളിൽ നൂറോളം പേനകളാണ് നിർമിച്ചത്. വലിയ രീതിയിൽ പ്രചാരമുള്ള പ്ലാസ്റ്റിക് പേനകളുടെ അതിപ്രസരം കുറയ്ക്കുക എന്നതായിരുന്നു ലക്ഷ്യം.

സീഡ് കോ-ഓർഡിനേറ്റർ രമ കെ. മേനോൻ, അധ്യാപിക കെ. സുജ എന്നിവർ ആവശ്യമായ നിർദേശങ്ങൾ നൽകി.

## ശാസ്ത്ര  ഗണിത ശാസ്ത്ര സാമൂഹ്യ ശാസ്ത്ര പ്രവർത്തി പരിചയമേളകളിൽ നിന്ന്










# കായിക മികവുകൾ



## നീന്തൽ

ഇരിങ്ങാലക്കുട വിദ്യാഭ്യാസ ഉപജില്ലാ നീന്തൽ മേളയിൽ തുടർച്ചയായി അൻപത്തിരണ്ടാം തവണയും ചാമ്പ്യന്മാരായി.റവന്യൂ ജില്ലാ നീന്തൽ മത്സരത്തിലും ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കാൻ ഈ വിദ്യാലയത്തിന് സാധിച്ചു.



## പെൺകുട്ടികളുടെ ഫുട്ബോൾ ടീം






## പെൺകുട്ടികളുടെ ഹാന്റ്ബോൾ ടീം

# ഗൈഡ്സ്

## റോഡ് സുരക്ഷയ്ക്കായി സുരക്ഷാ കണ്ണാടി സ്ഥാപിച്ചു.




## ജോട്ടാ ജോട്ടി







# മൂല്യാധിഷ്ഠിത വിദ്യാഭ്യാസം





# നന്ദി



ഈ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ വിജയകരമായി മുന്നോട്ടു പോയിക്കൊണ്ടിരിക്കുകയാണ് ഇതിനു വേണ്ടി നിർദ്ദേശങ്ങൾ നൽകിയ സ്വീറ്റി ടീച്ചർക്കും മെർലിൻ ടീച്ചർക്കും മറ്റ് അധ്യാപകർക്കും ഞങ്ങളുടെ പ്രിയ സുഹൃത്തുക്കൾക്കും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.